# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 05-06-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. വികസിത രാഷ്ട്രം എന്ന ലക്ഷ്യം കൈവരിക്കാൻ ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; സൂറത്തിൽ 18,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കം കുറിച്ചു.

   **Prime Minister Narendra Modi urges people to work unitedly to achieve the goal of a developed nation; PM launches development projects worth ₹18,800 crore in Surat.**

2. അതിർത്തികടന്നുള്ള കള്ളക്കടത്തും കടന്നുകയറ്റവും പ്രതിരോധിക്കുന്നതിനായി 'സ്മാർട്ട് ബോർഡർ' പദ്ധതിക്ക് കേന്ദ്ര സർക്കാർ അന്തിമരൂപം നൽകിവരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   **Central Government is finalizing the 'Smart Border' project to counter cross-border smuggling and infiltration, says Union Home Minister Amit Shah.**

3. നേപ്പാൾ വിദേശകാര്യ മന്ത്രി ശിസിർ ഖനാൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി; വിദേശകാര്യമന്ത്രി എസ്.ജയശങ്കറുമായി നാളെ ചർച്ച നടത്തും.

   **Nepal’s Foreign Minister Shisir Khanal arrives in India for a three-day visit; will hold talks with Foreign Minister S. Jaishankar tomorrow.**

4. 2025-26 സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ യഥാർത്ഥ ജി.ഡി.പി വളർച്ച 7.7 ശതമാനമായി ഉയർന്നതായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം.

   **India’s real GDP growth at 7.7% in FY 2025-26; says Ministry of Statistics and Programme Implementation.**

5. കേരളത്തിൽ അതിശക്തമായ മഴയ്ക്ക് സാധ്യത; മറ്റന്നാൾ വരെ എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്; കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി.

**Heavy to very heavy rainfall likely in Kerala; rain alert in all districts till day after tomorrow; holiday declared tomorrow for educational institutions in Kozhikode, Wayanad, and Kasaragod districts.**

6. **അണ്ടർ 18 ഏഷ്യാ കപ്പ് പുരുഷ ഹോക്കി സെമിഫൈനലിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ; ഫൈനലിൽ ജപ്പാനുമായി ഏറ്റുമുട്ടും.**

**India defeats Pakistan in Under-18 Asia Cup Men's Hockey semifinal; to face Japan in the final.**

❖❖❖❖❖❖❖❖❖❖❖❖

## PM-SURAT VISIT (INTRO)

വികസിത രാഷ്ട്രം എന്ന ലക്ഷ്യം കൈവരിക്കാൻ ജനങ്ങൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്രാമങ്ങളെയും നഗരങ്ങളെയും ഒരേസമയം വികസിപ്പിച്ചുകൊണ്ട് മാത്രമേ ഈ സ്വപ്നം സാക്ഷാത്കരിക്കാനാകൂ എന്നും അദ്ദേഹം പറഞ്ഞു. ഗുജറാത്തിലെ സൂറത്തിൽ 18,800 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കുകയായിരുന്നു അദ്ദേഹം. വഡോദര-മുംബൈ എട്ട് വരി എക്സ്പ്രസ് വേ പ്രധാനമന്ത്രി രാജ്യത്തിന് സമർപ്പിച്ചു. ലോകം ക്രമേണ ഒരു ഹരിത ഭാവിയിലേക്ക് പ്രയാണം ചെയ്യുകയാണെന്നും ഇന്ത്യ ഇതിന് വലിയ സംഭാവന നൽകുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

ദാമനിൽ 2,970 കോടി രൂപയുടെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി അല്പസമയത്തിനകം നിർവഹിക്കും. ലക്ഷദ്വീപുമായി ബന്ധപ്പെട്ട 885 കോടി രൂപയുടെ പദ്ധതികൾക്കും ചടങ്ങിൽ തുടക്കമാവും.

❖❖❖❖❖❖❖❖❖❖❖❖

## AMIT SHAH-BSF (INTRO)

അതിർത്തി കടന്നുള്ള കള്ളക്കടത്തുകളും കടന്നുകയറ്റങ്ങളും പ്രതിരോധിക്കുന്നതിനായി 'സ്മാർട്ട് ബോർഡർ' പദ്ധതിക്ക് കേന്ദ്ര

സർക്കാർ അന്തിമരൂപം നൽകിവരുന്നതായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. 2047-ഓടെ വികസിത ഇന്ത്യ കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നതെന്നും രാജ്യം വികസനം കൈവരിക്കുന്നതിന് മുമ്പ് സുരക്ഷിതമാക്കേണ്ടത് അത്യാവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. ത്രിപുരയിലെ ലങ്കാമുറ ബോർഡർ ഔട്ട്പോസ്റ്റിൽ അതിർത്തി സുരക്ഷാ സേനാംഗങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയ്സ്...)

❖❖❖❖❖❖❖❖❖❖❖❖

## GOYAL - AUTOMOBILE SECTOR

ഇന്ത്യയിലെ പാസഞ്ചർ വാഹന വിപണി 23 ശതമാനം വളർച്ച കൈവരിച്ചതായി കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ. കഴിഞ്ഞമാസം ഏകദേശം 4.4 ലക്ഷം യൂണിറ്റുകളുടെ വിൽപ്പനയാണ് രേഖപ്പെടുത്തിയതെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ആഗോള അനിശ്ചിതത്വങ്ങൾക്കിടയിലും മേഡ് ഇൻ ഇന്ത്യ വാഹനങ്ങൾക്കുള്ള വിശ്വാസ്യത വർദ്ധിച്ചുവരുന്നതായും അദ്ദേഹം

അഭിപ്രായപ്പെട്ടു.

❖❖❖❖❖❖❖❖❖❖❖❖

## PURI NATURAL GAS

അന്തമാൻ ദ്വീപുകളുടെ കിഴക്കൻ തീരത്തുള്ള ശ്രീ വിജയപുരത്ത് പ്രകൃതിവാതകം കണ്ടെത്തിയതായി പെട്രോളിയം-പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പുരി. ഈ ഭാഗത്ത് നടന്നുവരുന്ന പര്യവേക്ഷണത്തിന്റെ മറ്റൊരു വിജയമാണ് ഇതെന്നും സാമൂഹ മാധ്യമത്തിൽ അദ്ദേഹം പറഞ്ഞു.

സമുദ്ര മന്ഥൻ മിഷനു കീഴിൽ രാജ്യത്തിന്റെ ഹൈഡ്രോകാർബൺ നിക്ഷേപം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനായി, വൻതോതിൽ ആഴക്കടൽ പര്യവേക്ഷണ കിണറുകൾ ആസൂത്രണം ചെയ്യുന്നുണ്ടെന്നും ശ്രീ.പുരി പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖

## NEPAL- FM

നേപ്പാൾ വിദേശകാര്യ മന്ത്രി ശിസിർ ഖനാൽ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തി. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. വ്യാപാരം, നിക്ഷേപം, ഊർജ്ജം ഉൾപ്പെടെയുള്ള മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ.ജയശങ്കറുമായി അദ്ദേഹം നാളെ ചർച്ച നടത്തും.

❖❖❖❖❖❖❖❖❖❖❖❖

## PM-GDP

2025-26 സാമ്പത്തിക വർഷത്തിൽ രാജ്യത്തിന്റെ യഥാർത്ഥ ജിഡിപി വളർച്ച 7.7 ശതമാനമായി ഉയർന്നതായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയം. 2024-25ൽ ഇത് 7.1

ശതമാനമായിരുന്നു. 2025-26 വർഷത്തിലെ നാലാം പാദത്തിൽ ജിഡിപി വളർച്ച 7.8 ശതമാനമായി ഉയർന്നു.

ജിഡിപി വളർച്ചാ നിരക്ക് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ കരുത്തിനെയും പരിഷ്കരണങ്ങളുടെ വിജയത്തെയും 140 കോടി ഇന്ത്യക്കാരുടെ കഠിനാധ്വാനത്തെയുമാണ് പ്രതിഫലിപ്പിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

❖❖❖❖❖❖❖❖❖❖❖❖

## MEA BRIEFING (INTRO)

ഡൽഹി മാളവ്യ നഗറിലുണ്ടായ തീപിടുത്തത്തിൽ 13 വിദേശ പൗരന്മാർക്ക് ജീവൻ നഷ്ടപ്പെട്ടതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ഇന്ത്യ- റഷ്യ പ്രതിരോധ ബന്ധം ശക്തമാണെന്നും അത് വർഷങ്ങളായി തുടരുന്നതാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യ യു.എസ് വ്യാപാര കരാർ സംബന്ധിച്ച ചർച്ചകൾ പ്രതീക്ഷാ നിർഭരമായിരുന്നു എന്നും അദ്ദേഹം അറിയിച്ചു.

(ഹോൾഡ് വോയ്സ്......)

ഈ വർഷം ഇതുവരെ 1,076 ഇന്ത്യൻ പൗരന്മാരെ യു.എസിൽ നിന്ന് തിരികെ അയച്ചിട്ടുണ്ടെന്നും എന്നാൽ കഴിഞ്ഞ വർഷം ഇത് 3,567 ആയിരുന്നുവെന്നും ജയ്സ്വാൾ പറഞ്ഞു.

❖❖❖❖❖❖❖❖❖❖❖❖

## RAIN KERALA

കേരളത്തിൽ കാലവർഷം ശക്തമായി. വടക്കൻ കേരളത്തിൽ അതിതീവ്രമഴയ്ക്ക് സാധ്യത. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള എട്ട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്. നാളെ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. മറ്റന്നാളും മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. ശക്തമായ കാറ്റും മോശം കാലാവസ്ഥയും കണക്കിലെടുത്ത് കേരള-കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. വ്യാപകമായ മഴക്കെടുതികളും സംസ്ഥാനത്ത്

റിപ്പോർട്ട് ചെയ്യുന്നുണ്ട്. മരങ്ങൾ വീണ് വിവിധ ജില്ലകളിൽ വീടുകൾക്ക് നാശനഷ്ടമുണ്ടായി.

❖❖❖❖❖❖❖❖❖❖❖❖

## MEPPADY ALERT

വയനാട്ടിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ

മേപ്പാടി ഗ്രാമപഞ്ചായത്തിൽ പ്രത്യേക ജാഗ്രത നിർദ്ദേശം . നാളെയും മറ്റന്നാളും ഗ്രാമപഞ്ചായത്ത് പരിധിയിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ തുറക്കാൻ പാടില്ല. റിസോർട്ടുകൾ , ഹോംസ്റ്റേ, ഉൾപ്പെടെ പ്രവർത്തിപ്പിക്കരുതെന്നും നിർദേശമുണ്ട്.

❖❖❖❖❖❖❖❖❖❖❖❖

## KASARGOD HOLIDAY

അതിശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് കോഴിക്കോട്, വയനാട്, കാസർകോട് ജില്ലകളിലെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർ നാളെ അവധി പ്രഖ്യാപിച്ചു. റസിഡൻഷ്യൽ സ്കൂളുകൾക്ക് അവധി ബാധകമല്ല. മുൻകൂട്ടി നിശ്ചയിച്ച സർവകലാശാല, പൊതു പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റമുണ്ടായിരിക്കുന്നതല്ല.

❖❖❖❖❖❖❖❖❖❖❖❖

## CBSE-COMPLAINT-RELEASE

പോസ്റ്റ്-റിസൾട്ട് സേവന പോർട്ടലിനെതിരെ നടന്ന ഏകോപിത സൈബർ ആക്രമണങ്ങൾക്കെതിരെ ഡൽഹി പോലീസിന് പരാതി നൽകി സി.ബി.എസ്.ഇ. ഫലപ്രഖ്യാപനത്തിനു ശേഷം സേവന

പോർട്ടലിൽ നടന്ന നിരവധി സൈബർ ആക്രമണങ്ങളെക്കുറിച്ച് ഡൽഹി പോലീസിന്റെ ഇന്റലിജൻസ് ഫ്യൂഷൻ & സ്ട്രാറ്റജിക് ഓപ്പറേഷൻസ് യൂണിറ്റിനാണ് ഔപചാരികമായി പരാതി നൽകിയത്. ബോർഡിന്റെ പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികളുടെ ഉത്തരക്കടലാസുകളുടെ പരിശോധന, പുനർമൂല്യനിർണ്ണയം തുടങ്ങിയ സേവനങ്ങൾ സുഗമമാക്കുന്നതിനായി ആരംഭിച്ച പോർട്ടൽ കഴിഞ്ഞ മൂന്ന് ദിവസമായി ആവർത്തിച്ചുള്ള സൈബർ ആക്രമണങ്ങൾക്ക് വിധേയമായതായി സി.ബി.എസ്.ഇ അറിയിച്ചു.

❖❖❖❖❖❖❖❖❖❖❖❖

## ASIA CUP HOCKEY

ജപ്പാനിൽ നടന്ന അണ്ടർ 18 ഏഷ്യാ കപ്പ് പുരുഷ ഹോക്കി സെമിഫൈനലിൽ പാകിസ്ഥാനെ പരാജയപ്പെടുത്തി ഇന്ത്യ. മൂന്നിനെതിരെ 5 ഗോളുകൾക്കാണ് ഇന്ത്യയുടെ ജയം. ശനിയാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യ ജപ്പാനെയാണ് നേരിടുക.

❖❖❖❖❖❖❖❖❖❖❖❖

## CHESS-PRAGGNANANDHA

നോർവേ ചെസ് ചാമ്പ്യൻഷിപ്പ് ഒൻപതാം റൗണ്ടിൽ ലോക ചാമ്പ്യൻ ഗുകേഷ് ദൊമ്മരാജുവിനെ പരാജയപ്പെടുത്തി

പ്രഗ്നാനന്ദ രമേശ്ബാബു. വിജയത്തോടെ മത്സരത്തിൽ തുടരുന്ന പ്രഗ്നാനന്ദ 15 പോയിന്റിലേക്ക് ഉയർന്നു. കിരീടത്തിനായി ഇനി ശേഷിക്കുന്നത് ഒരു റൗണ്ട് മാത്രമാണ്. വനിതാ വിഭാഗത്തിൽ, 16.5 പോയിന്റ് നേടിയ കസാഖിസ്ഥാന്റെ ബിബിസാര അസ്സൗബയേവ കിരീടം നേടി.

❖❖❖❖❖❖❖❖❖❖❖❖

## TRUMP- LEBANON

ലെബനൻ- പശ്ചിമേഷ്യൻ മേഖലകളിലെ സംഘർഷം ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി ഹിസ്ബുള്ളയുമായി ചർച്ച നടത്തിയതായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. ലെബനനിലെ അക്രമങ്ങൾ കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയുള്ള ചർച്ചകളിൽ പുരോഗതിയുണ്ടായതായും ട്രംപ് പറഞ്ഞു. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായും മറ്റ് പ്രാദേശിക നേതാക്കളുമായും വിഷയം ചർച്ച ചെയ്തിട്ടുണ്ടെന്നും ട്രംപ് വ്യക്തമാക്കി.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

❖❖❖❖❖❖❖❖❖❖❖❖